**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**27TH APRIL 2018, (10 SHABAAN 1439 AH)**

## "THANKS-GIVING TO ALLAH & ADVICES (PART 3)".
## ദൈവത്തിന് നന്ദിയും നിങ്ങൾക്ക് ചില ഉപദേശങ്ങളും (ഭാഗം 3)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം "ദൈവത്തിന് നന്ദിയും നിങ്ങൾക്ക് ചില ഉപദേശങ്ങളും"എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് ജമാഅത്തിലെ സ്ത്രീപുരുഷന്മാരെ അഭിസംബോധന ചെയ്തുകൊണ്ടുള്ള എന്റെ പ്രഭാഷണ പരമ്പരയുടെ മൂന്നാം ഭാഗം നിർവ്വഹിയ്ക്കുവാനുള്ള അറിവും അവസരവും അല്ലാഹു (ത) എനിക്ക് നല്കിയിരിയ്ക്കുന്നു. ഇത് തീർച്ചയായും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളിലൊന്നാണ് അവന്റെ പ്രത്യേകമായ വാത്സല്യവും അനുഗ്രഹങ്ങളും മുഖേനെ അവൻ എനിക്ക് മാർഗ്ഗദര്ശനം നല്കുന്നു. നമ്മുടെ ജമാഅത്തിലെ അംഗങ്ങൾക്കും മാനവരാശിയ്ക്കു മുഴുവനും തന്നെ സദ്ജീവിതത്തിന്റെ അന്തസ്സത്ത പഠിപ്പിക്കാനും അതുപോലെ ആത്മീയ ജീവിതം കരുപ്പിടിപ്പിക്കാനുമുള്ള ഉപദേശങ്ങൾ ഭൗതികതയും ആത്മീയതയും തമ്മിലുള്ള സംഗമം പ്രശ്ന രഹിതമാക്കിത്തീർക്കാനുള്ള വഴികൾ ഒക്കെ പഠിപ്പിക്കാനും അവൻ അനുഗ്രഹിച്ചിരിക്കുന്നു. തീർച്ചയായും എല്ലാ സ്തുതികളും എന്നെ പഠിപ്പിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്ന അല്ലാഹുവിനാകുന്നു. നിങ്ങളുടെ ഇഹലോക ജീവിതത്തിന് ഉതുകുന്ന ഉപദേശങ്ങൾ നിങ്ങളുടെ പരലോക ജീവിതത്തെയും സ്വായത്തമാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. തീർച്ചയായും അല്ലാഹുവിനോടുള്ള എന്റെ സ്നേഹം എല്ലാ പരിധികൾക്കും അപ്പുറത്താണ്.

നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്കെതിരായ ചൂഷണവും അവകാശ ലംഘനവും തുടർന്നുകൊണ്ടിരുന്നാൽ അത് വലിയ നാശത്തിനു വഴിവയ്ക്കും. ഇസ്ലാമിന്റെ മുഖത്തെ വികൃതമാക്കുന്ന കാര്യങ്ങളെല്ലാം തുടച്ചു നീക്കാനുള്ള സമയം ആയിരിക്കുന്നു.

ഒരാളും ഇനി ഇസ്ലാമിന്റെ മുഖത്ത് കരിവാരിത്തേയ്ക്കാൻ മുതിരുന്ന പുരുഷ മേൽക്കോയ്മക്കെതിരിൽ, സ്ത്രീകൾ അവരുടെ വിമോചന പ്രസ്ഥാനങ്ങൾ രൂപികരിച്ച് ഇസ്ലാമിക രീതികൾക്കപ്പുറമുള്ള വഴികൾ തേടിപോകുന്ന സാഹചര്യത്തിൽ, ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഭർത്താക്കന്മാർക്ക് മാത്രമാണ്. അവരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചകൾക്ക് ഈ വിഭാഗത്തിൽപ്പെടുന്ന പുരുഷന്മാർ ദൈവത്തിന്റെ മുന്നിൽ ഉത്തരം ബോധിപ്പിക്കേണ്ടി വരും. സ്ത്രീകൾക്കെതിരിലുള്ള അടിച്ചമർത്തലുകൾ വ്യത്യസ്തരീതികളിലും രൂപങ്ങളിലും ഇന്ന് അരങ്ങേറിക്കൊണ്ടിരിയ്ക്കുന്നു. ഈ സംഭവങ്ങൾ ഒരുമിച്ചു റെക്കോർഡ് ചെയ്ത് എഴുതിയാൽ ഒരു വലിയ പുസ്തകം തന്നെ ആയിത്തീരും.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഒരു സമുദായമാണ്. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച്, ഇസ്ലാമിക ജീവിതശൈലി പിന്തുടർന്ന്, ലോകത്തിന് മാതൃക കാട്ടാൻ വേണ്ടി ദൈവത്താൽ നിയോഗിക്കപ്പെട്ടവരുടെ സംഘം നമ്മൾ വിദ്യഭ്യാസ രംഗത്ത് വമ്പൻ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. ഇസ്ലാമിക തത്വങ്ങളുടെ അടിസ്ഥാനം വിശദീകരിച്ചുകൊണ്ട് മനോഹര പ്രഭാഷണങ്ങൾ നമുക്ക് നടത്താം. പക്ഷേ, നമ്മുടെ വാക്കുകളും നമ്മുടെ പ്രവർത്തിയും യോജിച്ചു പോകുന്നില്ലെങ്കിൽ ലോകം നമ്മെ അവഗണിയ്ക്കും, ഓർക്കുക, നമ്മുടെ പ്രീയങ്കരനായ നബിതിരുമേനി (സ) നടക്കുന്ന ഖുർആൻ എന്നറിയപ്പെട്ടിരുന്നത് വെറുതെയല്ല. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത് ? അദ്ദേഹം പ്രോഘോഷിച്ചുകൊണ്ടിരുന്ന ദൈവീകാദ്ധ്യാപനങ്ങൾ അദ്ദേഹത്തിന്റെ ദൈനംദിന ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു. അദ്ദേഹം ഒരു അസാധാരണ മാതൃകാപുരുഷനായിരുന്നു. ഖുർആനികാശയങ്ങളുടെ ജീവിക്കുന്ന മാതൃകയായിരുന്നു അദ്ദേഹം. അതുകൊണ്ട് ആ ജീവിതപാതയാണ് നമ്മളും പിന്തുടരേണ്ടത്. നാം പ്രഘോഷിയ്ക്കുന്ന ഇസ്ലാമികാശയങ്ങൾ നമ്മുടെ ജീവിതത്തിൽ നാം പകർത്തേണ്ടതാണ്. നബിതിരുമേനി (സ) പ്രഘോഷിച്ച്, ജീവിച്ച് കാണിച്ച അതേ ഇസ്ലാമിക പാത നാം പിന്തുടരുക.

അപ്പോൾ, വിഷയത്തിലേക്കു മടങ്ങാം. മുസ്ലിം സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനം ഒരു പ്രശ്നം തന്നെയാണ്. അടിസ്ഥാന മനുഷ്യവകാശങ്ങൾ മറ്റുള്ളവർക്ക് നിഷേധിക്കുകയും ദയയോടും ആർദ്രതയോടും സമൂഹത്തിൽ വർത്തിയ്ക്കുവാനുള്ള സ്വഭാവഗുണങ്ങൾ ഇല്ലാതിരിയ്ക്കുകയും ചെയ്യുന്നവരെയൊന്നും യഥാർത്ഥ മുസ്ലിംകളുടെ ഗണത്തിൽപ്പെടുത്താൻ കഴിയുകയില്ല തന്നെ.

സ്വകാര്യജീവിതത്തിൽ അസഹിഷ്ണതയോടും ക്രൂരതയോടും പെരുമാറുകയും സ്ത്രീകളോട് വളരെ മോശമായും ഉപദ്രവിക്കുകയും ഒക്കെ ചെയ്യുന്ന ഒരു വ്യക്തി ഒരു യഥാർത്ഥ മുസ്ലിമിനെപ്പോലെ സ്വർഗ്ഗത്തിൽ പ്രവേശിയ്ക്കുന്നതാണ്

എന്നു കരുതുന്നുവെങ്കിൽ അയാൾക്ക് തെറ്റിപോയി. പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും ഇത്തരം സ്വഭാവക്കാർക്ക് ഒരിയ്ക്കലും സ്വർഗ്ഗം ലഭിക്കുകയില്ല. അയാൾക്ക് വേണമെങ്കിൽ താൻസ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് വീരവാദം മുഴക്കാം. ദൈവത്തോടും ഭക്തിമാർഗ്ഗത്തിലും അടുത്തയാളാണെന്ന് സ്വയം വിശ്വസിപ്പിക്കാം. പക്ഷേ അയാളുടെ പ്രാർത്ഥനകളെ വെറുതെയാക്കും. ദൈവം അവന്റെ സ്വർഗ്ഗ കവാടം അയാൾക്കും മുന്നിൽ കൊട്ടിയടയ്ക്കും. നബിതിരുമേനി (സ) യുടെ യഥാർത്ഥ സേവകർക്കുവേണ്ടി സ്വർഗ്ഗം പ്രത്യേകമായി ഒരുക്കി നിർത്തപ്പെട്ടിരിക്കുന്നു. നമ്മുടെ സമൂഹത്തിൽ ചെറിയ വരുമാനത്തിൽ കഴിയുന്ന കുടുംബങ്ങൾ, അവരിൽ ഭൂരിപക്ഷം പേരും കൊടിയ ദാരിദ്രത്തിലും, ഞെരുക്കത്തിലും ആണ് കഴിയുന്നത്. കുട്ടികൾ ജനിച്ചുകൊണ്ടിരിയ്ക്കുന്നു. അടിസ്ഥാന ജീവിതാവശ്യങ്ങൾ നിറവേറ്റാൻ പോലും പണമില്ലാത്ത അവസ്ഥ. പാവപ്പെട്ട സ്ത്രീകൾക്കും, കുട്ടികൾക്കും രാത്രിയിൽ ഉറങ്ങാൻ പറ്റാത്ത അവസ്ഥ. കൊതുകുകൾ രാത്രി മുഴുവൻ അവരെ വലയം ചെയ്ത് ശല്യപ്പെടുത്തുന്നു. ഇതിനെല്ലാം പുറമേയാണ് കൂടെക്കൂടെ പൊട്ടിപ്പുറപ്പെടുന്ന പകർച്ച വ്യാധികൾ. ദരിദ്രർക്കിടയിൽ വലിയ ജീവനഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു.

അവരുടെ ഭർത്താക്കന്മാർ ദയയുള്ളവരാണെങ്കിലും ദരിദ്രരായ സ്ത്രീകളാണ് കൂടുതൽ ബുദ്ധുമുട്ടനുഭവിക്കേണ്ടി വരിക. ദാരിദ്രിം പലരീതിയിലും അവരെ നിരന്തരം പിടികൂടും. ദിവസം മുഴുവൻ നീളുന്ന വീട്ടുകാര്യങ്ങൾ, വിശ്രമമില്ലാത്ത രാത്രികൾ രോഗം ബാധിച്ച കുട്ടികളെ പരിചരിച്ചുകൊണ്ട് ഉറക്കമൊഴിച്ചിരുക്കുന്ന രാത്രികൾ, ഒരു നിമിഷം പോലും വിശ്രമമില്ലാതെ നിരന്തരം ചെയ്യേണ്ടി വരുന്ന ജോലികൾ ഏതു അളവുകോൽ വച്ചു കണക്കാക്കിയാലും ഇതൊരു ബുദ്ധിമുട്ടേറിയ ജീവിതം തന്നെയാണ്. പ്രയാസവും ബുദ്ധിമുട്ടും ബാക്കിയായി നില്ക്കുന്ന ജീവിതങ്ങൾ നമ്മുടെ സമൂഹത്തിലെ യാഥാർത്ഥ്യമാണ്. ദൈവം തമ്പുരാൻ ഇതിനൊക്കെയൊരു അന്ത്യമുണ്ടാക്കാൻ നമ്മെ സഹായിക്കട്ടെ. ഇത്തരം ഒരു സാഹചര്യത്തിൽ നന്ദിയോടും സ്നേഹത്തോടും പെരുമാറുകയെന്നത് പുരുഷന്മാരുടെ / ഭർത്താക്കന്മാരുടെ അടിസ്ഥാനപരമായ ഒരു ബാദ്ധ്യതയാണ്. അതിനു പകരം സ്വകാര്യ ജീവിതത്തിൽ ഒരു സ്വേച്ഛാധിപതിയെപ്പോലെ പെരുമാറുകയും, ഭാര്യമാർക്കെതിരിൽ ദണ്ടുമുറകൾ സ്വീകരിക്കുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ മനുഷ്യരാണോ? മുറിവേറ്റവനെ അപമാനിക്കുന്നതിനു തുല്യമല്ലേ ഇത്തരം പെരുമാറ്റരീതികൾ? തങ്ങളുടെ ഭാര്യമാർക്കെതിരിൽ അധാർമ്മിക നടപടികൾ ആരോപിക്കുന്ന ചില ഭർത്താക്കന്മാരുണ്ട്. അതേ സമയം അവർ അസാധാരണ ദാമ്പത്യബന്ധങ്ങൾ വയ്ക്കുകയും ചെയ്യും. കുട്ടികൾ കൃത്യമായ ഇടവേളകളിൽ ജനിച്ചുകൊണ്ടിരിയ്ക്കുകയും

ചെയ്യും. സ്വന്തം ഭാര്യമാരെ നിരന്തരം ബുദ്ധിമുട്ടിക്കുകയും ഭൂമിയിൽ അവർക്കൊരു നരകം ഉണ്ടാക്കുകയും ചെയ്യുന്ന ഇത്തരം ഭർത്താക്കന്മാരെ മനുഷ്യരായി കണക്കാക്കാൻ കഴിയുകയില്ലതന്നെ. അവർക്ക് ഇസ്ലാമുമായി ഒരു ബന്ധവും അവകാശപ്പെടാൻ യോഗ്യതയില്ല. ഞാൻ നിങ്ങളെയെല്ലാവരേയും താക്കീതു ചെയ്യുകയാണ്. ഇത്തരം സ്വാഭാവക്കാർക്ക്, ജമാഅത്തുസ്സഹീഹൽ ഇസ്ലാമുമായി ഒരു ബന്ധവും അവകാശപ്പെടാൻ സാദ്ധ്യമല്ല. ഈ ജമാഅത്തുമായി ആത്മബന്ധമോ, സഹകരണ ബന്ധമോ ഇത്തരം വ്യക്തികൾക്കു മുമ്പുണ്ടായിരുന്നാൽ കൂടിയും. അത്തരം വ്യക്തികൾക്ക് ഈ ജമാഅത്തിന്റ പരിസരത്തു നില്കുന്നതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനം ഒന്നും ഉണ്ടാവുകയില്ല. ഓർക്കുക ജമാഅത്തുസ്സഹീഹിൽ ഇസ്ലാം നമ്മുടെ കാലത്തെ ഇസ്ലാമിന്റെ പുനരുജ്ജീവനത്തെ പ്രതിനിധാനം ചെയ്യുന്നു. നിങ്ങൾ യഥാർത്ഥ മുസ്ലിം ആയിത്തീരുന്നതിന് ഇസ്ലാമിക പാഠങ്ങളിൽ ഉത്തമ വിശ്വാസത്തിൽ അടിയുറച്ച് നിലക്കുക. ക്ഷമയോടും ശ്രദ്ധയോടും വഴിതെറ്റാതിരിക്കുന്നതിന് മുൻകരുതലുകളോട് കൂടി പ്രവർത്തിക്കുക.

ഞാൻ മുകളിൽ സൂചിപ്പിച്ച തരം വ്യക്തികളോട് ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുകയാണ്. എത്രയും പെട്ടെന്ന് നിങ്ങളിൽ ഒരു പരിഷ്കരണം കൊണ്ടു വരിക. അതുപോലെ തന്നെ ലോകമെമ്പാടുമുള്ള നമ്മുടെ ജമത്തംഗങ്ങളോടും നാം താക്കീതു ചെയ്യുന്നു. തങ്ങളുടെ ഭാര്യമാരോടും, സ്ത്രീകളോട് പൊതുവിലും ബഹുമാനവും മാന്യതയും പുലർത്താത്ത ഹൃദയശൂന്യരെപ്പോലെയാവരുത് നിങ്ങൾ. നമ്മുടെ ജമാഅത്ത് യഥാർത്ഥ ഇസ്ലാമിനു വേണ്ടിയാണ് നിലകൊള്ളുന്നതെന്നത് ഓർക്കുക. ഈ ആത്മീയ സംസ്ക്കരണ മാർഗ്ഗത്തിൽ മഹോന്നതമൂല്യങ്ങളുള്ള വ്യക്തമായ ഉദാഹരണങ്ങളായിത്തീരുന്ന വ്യക്തികൾ നമ്മളിൽ ഉണ്ടായി വരേണ്ടതുണ്ട്. ആത്യന്തിക വിജയം അല്ലാതൊരിയ്ക്കലും നമുക്ക് ലഭിക്കുകയില്ല. ജമാഅത്തുസ്സഹീഹൽ ഇസ്ലാമിന്റെ അനുഗ്രഹീത സംഘത്തിനൊപ്പം ചലിക്കാൻ തിന്മയുടെ ആൾരൂപങ്ങളെ കൂട്ടുനടത്താനുള്ള ധൈര്യമോ കഴിവോ നമുക്കില്ല.

സർവ്വശക്തനായ അല്ലാഹു (ത) സത്യപാതയിൽ നമ്മെ നയിക്കട്ടെ. യഥാർത്ഥ മുസ്ലിംകൾ ആയി അങ്ങനെ നമ്മൾ മാറട്ടെ ഇൻശാ അല്ലാഹ്, ആമീൻ.


Translated By : Fazil Jamal
& Issued By : R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in